**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1874** **05-07-2022 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം ഏതൊക്കെ സ്റ്റേഡിയങ്ങൾക്കാണ് ഈ സർക്കാർ അനുമതി നല്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും മുൻഗണനാ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല പരിശോധന നടത്തുകയും ചെയ്യതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തിരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് സ്റ്റേഡിയത്തിൽ നടത്തുന്നതെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയിൽ ചുവടെ പറയുന്ന ഘടകങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്.<br><br>മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, വോളിബോൾ കളിക്കാനുള്ള കോർട്ടുകൾ, ബാസ്കറ്റ്ബോൾ, ഓപ്പൺ ജിംനേഷ്യം, ചിൽഡ്രൻസ് പ്ലേ ഏരിയ, നടപ്പാത, ടോയ്‌ലെറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫിഷോപ്പ്. ഗ്രാമീണ കളിക്കളങ്ങൾ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുക്കുന്ന സ്ഥലങ്ങളുടെ വ്യാപ്തി അനുസരിച്ചും, പ്രാദേശികമായ ആവശ്യകതയനുസരിച്ചും മേൽപരാമർശിച്ച ഘടകങ്ങൾ ആവശ്യമായവ അതാത് സ്ഥലങ്ങളിൽ ഉൾപ്പെടുത്തുവാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ